## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **29/10/2019-ൽ മറുപടിയ്ക്ക്**

# കേരള ബാങ്കിൽ പ്രവാസി നിക്ഷേപത്തിന് അനുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അനിൽ അക്കര**<br>**,, കെ.സി.ജോസഫ്**<br>**,, സണ്ണി ജോസഫ്**<br>**,, എ.പി. അനിൽ കുമാർ :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ.യുടെ അംഗീകാരം ലഭിച്ചത് ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിരിക്കുകയാണ്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വകുപ്പ് 14A-യുമായി ബന്ധപ്പെട്ട കേസുകളിൽ ബഹു.കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെ പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% |

| | | | |
|---|---|---|---|
| | | | മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br><br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.<br><br>3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.<br><br>4) ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാവണം.<br><br>5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം. |
| (ബി) | കേരള ബാങ്ക് നിലവിൽ വരുന്നതോടുകൂടി നിക്ഷേപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (ബി) | കേരളബാങ്ക് രൂപീകരണത്തോടെ വായ്പ ഘടന നിലവിലെ ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറും. സാങ്കേതികമായും സാമ്പത്തികമായും ഘടനാപരമായും നിക്ഷേപകർക്ക് ഗുണമുണ്ടാകുന്നതാണ്. ചെലവ് കുറഞ്ഞതും മെച്ചപ്പെട്ടതുമായ സേവനം പ്രദാനം ചെയ്യാൻ കേരള ബാങ്കിന് കഴിയും. ആധുനിക സാങ്കേതിക/ബാങ്കിംഗ് സേവനങ്ങൾ നിക്ഷേപകർക്കും ഇടപാടുകാർക്കും കുറഞ്ഞ ചെലവിലും സൗജന്യമായും നല്കാൻ കഴിയും. |

| | | | |
|---|---|---|---|
| (സി) | കേരള ബാങ്കിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതിയുണ്ടോ; പ്രസ്തുത അനുമതി ലഭിക്കുന്നതിന് ബാങ്ക് നിലവിൽ വന്ന ശേഷമുള്ള രണ്ട് വർഷത്തെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതുണ്ടോ; | (സി) യും (ഡി) യും | കേരള ബാങ്കിന്റെ ഭാഗമായി മാറുന്ന ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് നിലവിൽ അനുമതിയുണ്ട്. ആയതിനാൽ തന്നെ കേരള ബാങ്കിന് രണ്ട് വർഷത്തെ പ്രവർത്തനം അവലോകനം ചെയ്യാതെ തന്നെ പ്രസ്തുത ബിസിനസ്സ് തുടർന്നും നടത്തുവാൻ അനുമതി ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു. അനുമതിക്കായി സംസ്ഥാന സഹകരണ ബാങ്ക് റിസർവ്വ് ബാങ്കിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ സേവനങ്ങളും തുടർന്നും ലഭിക്കുന്നതിന് വേണ്ട ഇടപെടൽ നടത്തുന്നതായിരിക്കും. സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഇതിന് പര്യാപ്തമാണ്. |
| (ഡി) | നിലവിൽ കോഴിക്കോട്, ഇടുക്കി ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ആർ.ബി.ഐ അനുമതി നൽകിയിട്ടുണ്ടോ; കേരള ബാങ്ക് നിലവിൽ വരുന്നതോടു കൂടി പ്രസ്തുത ലൈസൻസ് റദ്ദാക്കപ്പെടുമോ; | | |
| (ഇ) | കേരള ബാങ്ക് നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ സഹകരണ മേഖല പൂർണ്ണമായും ആർ.ബി.ഐ നിയന്ത്രണത്തിൽ ആകുകയും അത് പ്രാഥമിക സഹകരണ സംഘങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാക്കുമോയെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ടാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളെ അത് ദോഷകരമായി ബാധിക്കുകയോ പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാതാവുകയോ പുതിയ നിയന്ത്രണം വരുകയോ ചെയ്യില്ല. ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും ഇപ്പോൾ തന്നെ ആർ.ബി.ഐ. യുടെ നിയന്ത്രണം ഉണ്ട്. അത് തുടരുമെന്ന് മാത്രം. |

സെക്ഷൻ ഓഫീസർ